**കേരള കാർഷിക സർവകലാശാല**
**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
**അമ്പലവയൽ, വയനാട്**

മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇമെയിൽ: rarsamb@kau.in/ adramb@kau.in

നമ്പർ ഇ.6067/2025 തീയതി. 18.10.2025

# ക്വട്ടേഷൻ നോട്ടീസ്

ഈ കേന്ദ്രത്തിലെ [കേരള കാർഷിക സർവകലാശാലയുടെ കീഴിൽ അമ്പലവയലിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം] ലിച്ചി മരങ്ങളിൽ നിന്നും വിളവെടുക്കുന്നതിനുള്ള അവകാശം ക്വട്ടേഷൻ/ലേലം വഴി നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. താൽപ്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിള | എണ്ണം | നിരതദ്രവ്യം | വിളവെടുപ്പ് നടത്തേണ്ട കാലാവധി |
|---|---|---|---|---|
| 1 | ലിച്ചി പഴം | 5 മരം | 1500/- | ക്വട്ടേഷൻ/ലേലം അംഗീകരിച്ച തീയതിമുതൽ |

| | |
|---|---|
| ക്വട്ടേഷൻ നമ്പർ | ഇ. 6067/2025 |
| ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതിയും, സമയവും | 30.10.2025, 2.30 pm |
| ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും | 30.10.2025, 3.00 pm |
| നിരത ദ്രവ്യം (EMD) | Rs.1500/- |
| ക്വട്ടേഷൻ കാലാവധി | വിളവെടുപ്പ് കഴിയുന്നതുവരെ |
| ക്വട്ടേഷൻ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, പിൻ-673593 |

## വ്യവസ്ഥകളും നിർദേശങ്ങളും

1. ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ കാർഡ് കൊണ്ടുവരേണ്ടതാണ്
2. ക്വട്ടേഷനുകൾ നൽകേണ്ടത് അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അമ്പലവയൽ എന്ന പേരിൽ ആയിരിക്കേണ്ടതും ആയത് നിരതദ്രവ്യമടക്കം രാവിലെ 25.10.2025 ന് രാവിലെ 12.00 മണിക്ക് മുമ്പായി ഓഫീസിൽ ലഭിക്കേണ്ടതുമാണ് .
3. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല
4. ക്വട്ടേഷൻ നിരക്ക് വളരെ വ്യക്തമായി വെള്ള കടലാസിൽ അക്ഷരത്തിലും, അക്കത്തിലും എഴുതിയിരിക്കണം
5. ക്വട്ടേഷൻ കവറിന് പുറത്ത് ഫാമിലെ 'ലിച്ചി മരത്തിൽ നിന്നും വിളവെടുക്കുന്നതിനുള്ള അവകാശം ലഭിക്കുന്നതിനുള്ള ക്വട്ടേഷൻ' എന്ന് വ്യക്തമായി എഴുതിയിരിക്കണം
6. ലേലം എടുക്കുന്ന വ്യക്തികൾ വിളവെടുപ്പ് വരെ സ്വന്തം ചെലവിൽ വല പൊതിഞ്ഞ് കായ സംരക്ഷിച്ചു പറിച്ചു എടുക്കേണ്ടത് ആയിരിക്കും

7. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം രാവിലെ 11.30 മണിക്ക് മുമ്പായി നിരത ദ്രവ്യം അടച്ചിരിക്കേണ്ടതാണ്

8. നിശ്ചിത സമയത്തിന് മുമ്പ് അടച്ചവരെ മാത്രമേ ലേലം / ക്വട്ടേഷനിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ നിരതദ്രവ്യം പണം /ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന ഓഫീസിൽ അടക്കേണ്ടതാണ്

9. ക്വട്ടേഷൻ സമർപ്പിച്ചിരിക്കുന്നവർക്കും താല്പര്യമുണ്ടെങ്കിൽ പരസ്യ ലേലത്തിൽ പങ്കെടുക്കാവുന്നതാണ്

10. ........10 2025ന് രാവിലെ 11 മണിക്ക് പരസ്യ ലേലം നടത്തുന്നതും തുടർന്ന് ക്വട്ടേഷൻ തുറക്കുന്നതും ആയതിൽ ഏറ്റവും കൂടുതൽ തുക വിളിച്ച/ രേഖപ്പെടുത്തിയ ആളുടെ പേരിൽ ഫാം മേധാവിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ലേലം ക്വട്ടേഷൻ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നത് ആയിരിക്കും.

11. ലേലം / ക്വട്ടേഷൻ ലേലം ഉറപ്പിച്ചു കിട്ടുന്നയാൾ അപ്പോൾ തന്നെ ക്വട്ടേഷൻ തുകയുടെ മൂന്നിൽ ഒരു ഭാഗം അടക്കേണ്ടതാണ് ബാക്കി മുഴുവൻ തുകയും 5 പ്രവർത്തി ദിവസത്തിനകം അടച്ച് രശീത് വാങ്ങേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം അയാളുടെ പേരിലുള്ള ക്വട്ടേഷൻ/ലേലം റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം കാർഷിക സർവകലാശാലയുടെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും

12. മുഴുവൻലേല തുകയും ഓഫീസിൽ അടച്ചതിനുശേഷം രസീത് ഹാജരാക്കിയാൽ മാത്രമേ വിളവെടുപ്പ് നടത്താൻ അനുവദിക്കുകയുള്ളൂ

13. ലേലം ഉറപ്പിച്ചു കിട്ടുന്ന വ്യക്തിയുടെ നിരത ദ്രവ്യമായ 1500/- രൂപ ലിച്ചി വിളവെടുപ്പ് കാലാവധി കഴിഞ്ഞതിനുശേഷം സൂപ്രണ്ട് സാക്ഷ്യപ്പെടുത്തലിനു ശേഷം തിരികെ നൽകുന്നതായിരിക്കും

14. ക്വട്ടേഷൻ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുൻപായി വിളയുടെ ഗുണനിലവാരവും എണ്ണവും ഓഫീസ് സമയങ്ങളിൽ ഫാം ഉദ്യോഗസ്ഥരുടെ അനുവാദത്തോടുകൂടി നേരിൽ കണ്ട് ബോധ്യപ്പെട്ടു കൊള്ളേണ്ടതാണ് ലേലത്തിനുശേഷം ഇതുമായി ബന്ധപ്പെട്ടുള്ള പരാതികൾ പരിഗണിക്കുന്നതല്ല

15. ഫാം പ്രവർത്തിക്കുന്ന ദിവസങ്ങളിൽ പ്രവർത്തി സമയത്ത് മാത്രമേ ലിച്ചി വിളവെടുക്കുവാൻ അനുവദിക്കുകയുള്ളൂ ഓരോ ദിവസവും വിളവെടുക്കുന്ന ലിച്ചി നാലു മണിക്ക് മുമ്പായി ഫാമിൽ നിന്നും ഔട്ട് പാസ് വാങ്ങി കൊണ്ടുപോകേണ്ടതാണ് (ഫാമിൽ സൂക്ഷിക്കാൻ അനുവദിക്കുന്നതല്ല) പറിക്കുന്ന ലിച്ചി ഫലത്തിന്റെ വിവരങ്ങൾ ഹാർവെസ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്

16. ലേലക്കാരനും വിളവെടുപ്പിന് നിയോഗിക്കുന്ന എല്ലാ തൊഴിലാളികളും ഈ കേന്ദ്രത്തിൽ നിന്ന് നൽകുന്ന പാസുകൾ കൈവശം വെച്ചിരിക്കേണ്ടതും അധികാരപ്പെട്ടവർ പരിശോധനയ്ക്ക് ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്. വിളവെടുപ്പിന് നിയോഗിക്കുന്ന തൊഴിലാളികളുടെ എണ്ണം ഫാം സൂപ്രണ്ടിന്റെ നിർദ്ദേശം അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

17. നഴ്സറി ആവശ്യത്തിനായി മേൽ വിളകളിൽനിന്നും ഗ്രാഫ്റ്റ്/ലെയറിംഗ് ചെയ്യുന്നതിന് കമ്പുകളെടുക്കുവാൻ ഫാമിന് അവകാശമുണ്ടായിരിക്കും

18. വിളവെടുപ്പ് നടത്തുമ്പോൾ ഫാമിൽ ഏതെങ്കിലും രീതിയിൽ നാശനഷ്ടം ഉണ്ടാകുന്ന പക്ഷം നിശ്ചയിക്കുന്ന നഷ്ടപരിഹാരം നൽകേണ്ടതാണ്.

19. ലേല നിബന്ധനകളിൽ ഏതെങ്കിലും വീഴ്ച വരുത്തിയാൽ മറ്റൊരു അറിയിപ്പ് കൂടാതെ ലേലം റദ്ദാക്കുന്നതിനും ലേലം കൊണ്ട വ്യക്തി അടച്ച മുഴുവൻ തുകയും ഉൾപ്പെടെ യൂണിവേഴ്സിറ്റിയിലേക്ക്

20. മുതൽക്കൂട്ടുന്നതിനും നഷ്ടപരിഹാരം ഈടാക്കുന്നതിനും നിയമം നടപടി സ്വീകരിക്കുന്നതിനും അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന് അധികാരമുണ്ടായിരിക്കും.
21. സർക്കാർ/യൂണിവേഴ്സിറ്റി ക്വട്ടേഷൻ/ലേലം നിബന്ധനകൾ എല്ലാം തന്നെ ഈ ക്വട്ടേഷൻ/ലേലത്തിനും ബാധകമായിരിക്കും
22. ആവശ്യമെന്ന് കണ്ടാൽ യാതൊരു യാതൊരു മുന്നറിയിപ്പും കൂടാതെ ക്വട്ടേഷൻ/ലേലം അസ്ഥിരപ്പെടുത്താനോ മാറ്റിവയ്ക്കുന്നതിനോ സ്ഥാപന മേധാവിയ്ക്ക് അധികാരം ഉണ്ടായിരിക്കും
23. മാത്രമല്ല ക്വട്ടേഷൻ/ലേലം നിബന്ധനകൾ/വ്യവസ്ഥകൾ മാറ്റം വരുത്താനും സ്ഥാപന മേധാവിയ്ക്ക് അധികാരം ഉണ്ടായിരിക്കും ക്വട്ടേഷൻ/ലേലം കൊണ്ട് വ്യക്തിമേൽ പറഞ്ഞ ക്വട്ടേഷൻ/ലേലം നിബന്ധനകൾ അടങ്ങിയ ഉടമ്പടി 200/- രൂപ മുദ്രപത്രത്തിൽ എഴുതി സാക്ഷികൾ സഹിതം ഒപ്പിട്ട് ആദ്യം വിളവെടുപ്പിന് മുമ്പായി നൽകേണ്ടതാണ്.
24. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽനേരിട്ടോ 04936-260421,260561 നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

(ഒപ്പ്)
ഡോ. സുദർശന റാവു ജി.വി
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് i/c

പകർപ്പ്: കെ.എ.യു വെബ് സൈറ്റ്

നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)

ഫാം സൂപ്രണ്ട്/ ഫാം ഇൻ ചാർജ്/ അമ്പലവയൽ വില്ലേജ് ഓഫീസ്/ അമ്പലവയൽ പഞ്ചായത്ത് ഓഫീസ് / അമ്പലവയൽ കൃഷി ഭവൻ

//ഉത്തരവിൻ പ്രകാരം//

സെക്ഷൻ ഓഫീസർ